നം.ഡി5/6000/2017/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:28/03/2017.

## സർക്കുലർ നമ്പർ.3

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2017-2018 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന:** 1) **20/02/2017** തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ സർക്കുലറുകൾ
2) സർക്കാർ ഉത്തരവ് നം.3/2017/ഉഭപവ, തീയതി 25.02.2017

1)പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ - പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2017-2018 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നു. 2017-18 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സൂചന (1) പ്രകാരമുള്ള സർക്കുലറുകളിലൂടെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ബഹു.സർക്കാരിന്റെ സൂചന (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി സർക്കുലർ പുറപ്പെടുവിക്കുന്നു.

2) സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് ബഹു.സർക്കാർ സൂചന (2) പ്രകാരം പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകൾ ഒരേ സ്ഥലത്തേക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം പരിഗണിക്കുന്നതിന് സൂചന (1) പ്രകാരമുള്ള സർക്കുലറുകളിലെ നിർദ്ദേശം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

3) <u>പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ)</u>

1) പട്ടികജാതി/പട്ടികവർഗ്ഗം

2) അന്ധരായ ഉദ്യോഗസ്ഥർ

3) വികലാംഗരായ അദ്ധ്യാപകർ

4) മൂകരും ബധിരരുമായ അദ്ധ്യാപകർ

5) സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കകുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy)
6) മാനസിക പ്രശ്നമുള്ളവർ
7) ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന അദ്ധ്യാപകർ
8) ഓട്ടിസം/സെറിബ്രൽ പാർസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ
9) 50% നു മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ
10) ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ
11) യുദ്ധത്തിൽ മരണപ്പെട്ട ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)
12) സ്വാതന്ത്ര്യസമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ
13) വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ
14) മിശ്രവിവാഹിതർ
15) നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ
16) അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി/ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി
17) സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ
18) ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)
19) അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ
20) പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ

4 എ) സർവ്വീസിൽ നിന്നും പിരിയാൻ ഒരു വർഷം അവശേഷിക്കുന്ന എല്ലാവർക്കും ആദ്യ മുൻഗനണന (നിജപ്പെടുത്താതെ) നൽകുന്നതാണ്

ബി) സഹതാപർഹമായ സാഹചര്യത്തിൽ സ്ഥലംമാറ്റം ലഭിക്കുന്നവർക്ക് രണ്ടാം മുൻഗണന, അതാത് കാറ്റഗറിയിലേക്ക് നടക്കുന്ന ആകെ സ്ഥലംമാറ്റത്തിന്റെ/സ്ഥലം മാറ്റുന്നതിന് വേണ്ടിയുള്ള ഒഴിവുകളുടെ ആകെ എണ്ണം (ഇതിൽ ഏതാണോ കൂടുതൽ) അതിന്റെ 10% മായ് നിജപ്പെടുത്തുന്നു.

സി) സഹതാപർഹമായ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ആയത് തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട

വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് തയ്യാറാക്കുന്നതിന് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഡി) പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുത്തി മുൻഗണന നൽകിയുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ/സ്ഥലംമാറ്റത്തിന് വേണ്ടിയുള്ള ഒഴിവുകളുടെ (അതിൽ ഏതാണ് കൂടുതൽ) 20% നുള്ളിൽ നിജപ്പെടുത്തുന്നതാണ്.

ഇ) സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷ സംരക്ഷണത്തിന്റെ ഭാഗമായി ഭാഷ ന്യൂനപക്ഷ (തമിഴ്/കന്നട) ത്തിനായി സംവരണം ചെയ്തിട്ടുള്ള ഒഴിവുള്ള എച്ച്.എം/എ.ഇ.ഒ സമാന തസ്തികയിൽ പൊതുസ്ഥലം മാറ്റത്തിന് അതാത് ഭാഷയിൽ (1മുതൽ 10 ക്ലാസ്സ് വരെയുള്ള പഠനം അതാത് ഭാഷയിൽ പരിജ്ഞാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

**5) തമിഴ് മീഡിയം, കന്നട മീഡിയം, ന്യൂനപക്ഷ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ വേക്കൻസി കൂടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വേക്കൻസികൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതോടൊപ്പം മാനുവൽ ആയി വേക്കൻസി റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയക്കേണ്ടതാണ്.**

6) 2017-18 അദ്ധ്യായന വർഷത്തെ പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള പുനഃക്രമീകരിച്ച ചാർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| | | |
|---|---|---|
| 1 | ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (31/03/2017 മുതൽ 30/06/2017 വരെ ഉണ്ടാകുന്നത്) നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട അവസാന തീയതി. | 06/04/2017 വരെ |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 07/04/2017 മുതൽ 02/05/2017 വരെ |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ അപേക്ഷ പരിശോധിക്കുന്നതിനനുവദിച്ച സമയം (പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ്.) | 03/05/2017 മുതൽ 06/05/2017 വരെ |
| 4 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 15/05/2017 |
| 5 | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 15/05/2017 മുതൽ 21/05/2017 വരെ |
| 6 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 25/05/2017 |

സൂചന (1) പ്രകാരം പുറപ്പെടുവിച്ച സർക്കുലറുകളിൽ ഭേദഗതി ചെയ്ത വിഷയങ്ങൾ ഒഴികെയുള്ള നിർദ്ദേശങ്ങൾ 2017-18 ലെ ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന് ബാധകമായിരിക്കുന്നതാണ്.

ടി സർക്കുലറുകളിലെ വ്യവസ്ഥകളിൽ ആവശ്യ ഘട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. 2017-18 ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈനിലൂടെ അല്ലാതെയുള്ള യാതൊരു അപേക്ഷയും പരിഗണിക്കുന്നതല്ല.

ഇ-മെയിൽ വിലാസം- dpidsection@gmail.com
ഫോൺ നമ്പർ-0471 2580512

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (എല്ലാ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ അറിയിക്കേണ്ടതാണ്.

2) എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐ.ടി.@ സ്കൂൾ.

3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (താങ്കളുടെ അധികാര പരിധിയിലുള്ള ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ അറിയിക്കേണ്ടതാണ്)